# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

**(ഹാജർ: ശ്രീമതി അനുപമ T.V IAS, ഡയറക്ടർ സാമൂഹ്യ നീതി വകുപ്പ് )**

വിഷയം: - സാമൂഹ്യ നീതി വകുപ്പ് - ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് 2017-18 സാമ്പത്തിക വർഷം സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. ഐ.സി.പി.എസ് ഗൈഡ് ലൈൻ (01.04.2014 മുതൽ പ്രബല്യത്തിൽ വന്നത്)
2. വിവിധ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ അപേക്ഷകൾ

**ഉത്തരവ് നമ്പർ- ICPS4(B)/20867/2015 തീയതി:31/05/2017**

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവ്യഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ വഴി നടപ്പിലാക്കുന്ന സ്പോൺസർഷിപ്പ് പദ്ധതി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരമുള്ള തുക അനുവദിക്കേണ്ടതായുണ്ട്.

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരം സ്പോൺസർഷിപ്പ്, ഫോസ്റ്റർകെയർ പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു ജില്ലയ്ക്ക് 10 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷം സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി ചുവടെ പട്ടികപ്പെടുത്തും പ്രകാരം ഓരോ ജില്ലയ്ക്കും 5,00,000/-രൂപ വീതം ആകെ 70,00,000/- രൂപ (എഴുപത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

| Sl No | District | Amount |
|---|---|---|
| 1 | DCPO Thiruvananthapuram | 5,00,000 |
| 2 | DCPO Kollam | 5,00,000 |
| 3 | DCPO Pathanamthitta | 5,00,000 |
| 4 | DCPO Alappuzha | 5,00,000 |
| 5 | DCPO Kottayam | 5,00,000 |
| 6 | DCPO Idukki | 5,00,000 |
| 7 | DCPO Ernakulam | 5,00,000 |
| 8 | DCPO Thrissur | 5,00,000 |
| 9 | DCPO Palakkad | 5,00,000 |
| 10 | DCPO Malappuram | 5,00,000 |
| 11 | DCPO Kozhikkode | 5,00,000 |
| 12 | DCPO Wayanad | 5,00,000 |
| 13 | DCPO Kannur | 5,00,000 |
| 14 | DCPO Kasargode | 5,00,000 |
| | **Total** | **70,00,000** |

**(PTO)**

ടി തുക ഐ.സി.പി.എസ്-ന്റെ നടത്തിപ്പിനായി സാമൂഹ്യ നീതി ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള STSB അക്കൗണ്ട് നം 701121400000005-ൽ നിന്നും മേൽ പട്ടിക പ്രകാരം ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെറുടെ പേരിൽ ചെക്കായി നൽകേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ സ്പോൺസർഷിപ്പ് പരിപാടിയുടെ വിശദ വിവരങ്ങൾ അപ്പപ്പോൾ SCPS-ൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവാകുന്ന തുകയുടെ വിവരങ്ങൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കൈപ്പറ്റി കൊണ്ടുള്ള രസീത്, യൂട്ടലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർ
മെമ്പർ സെക്രട്ടറി SCPS &

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:

1. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും (അറിവിലേക്കായി)
2. ICPS – 4 (ചെക്ക് നൽകുന്നതിന് വേണ്ടി)
3. ICPS – 3
4. സ്റ്റോക്ക്ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്